# ഇലക്ഷൻ ഡ്യൂട്ടിക്ക് ഒരു എളുപ്പവഴി

തയ്യാറാക്കിയത്:-താജുദ്ദീൻ.HSST POLITICS, P.K.K.S.M. HSS കായംകുളം.Ph:9847385123.

കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് 2016 മെയ് 16 ന് നടക്കുകയാണ്.

ഈ തെരഞ്ഞെടുപ്പിലേക്ക് നിയോഗിച്ചിട്ടുള്ള എല്ലാ ജീവനക്കാർക്കും അവരുടെ ജോലി എളുപ്പമാക്കാനും, തെരഞ്ഞെടുപ്പ് സുഗമമായി നടത്തുവാനും താഴെ പറയുന്ന നിർദ്ദേശങ്ങൾ 100 ശതമാനം ഉപകരിക്കും. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിലെ നമ്മുടെ കൊച്ച് കേരളം ആര് ഭരിക്കണമെന്ന് വിധിയെഴുതുന്ന ഈ ജനാധിപത്യ പ്രക്രിയയിൽ ഭാഗവാക്കാകുവാൻ നമുക്ക് ലഭിച്ച ഈ അവസരം നാം ഓരോരുത്തരും പരമാവധി പ്രയോജനപ്പെടുത്തുക.

## നിർദ്ദേശങ്ങൾ;

1. സ്വന്തം ടീം അംഗങ്ങളെ പരിചയപ്പെടുകയും, ഫോൺ നമ്പർ പരസ്പരം കൈമാറുകയും ചെയ്യുക.
2. പോളിംഗ് സാധനങ്ങൾ കൈപ്പറ്റി എല്ലാം ഉണ്ടെന്ന് ഉറപ്പാക്കുക.
3. റൂട്ട് ഓഫീസറോടൊപ്പം വാഹനത്തിൽ കയറി ബൂത്തിലെത്തുക.
4. പോളിംഗ് ബൂത്ത് തയ്യാറാക്കുക.
5. പോളിംഗ് ഏജന്റ്മാർക്ക് പാസ് നൽകുക.
6. പോളിംഗ് കൃത്യസമയത്ത് തന്നെ ആരംഭിക്കുക.
7. പോൾ ചെയ്ത വോട്ട് ആൺ / പെൺ തിരിച്ച് തയ്യാറാക്കുക.
8. വോട്ടിംഗ് സമയം അവസാനിക്കുമ്പോൾ വോട്ട് ചെയ്യാനായി ക്യൂ ഉണ്ടെങ്കിൽ ഏറ്റവും പിന്നിൽ നിന്നും ടോക്കൺ നൽകുക.
9. Total ബട്ടൺ അമർത്തി ഇടക്കിടക്ക് ആകെ വോട്ടുകൾ പരിശോദിക്കണം.
10. എല്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെയും (ജില്ലാകളക്ടർ, പോലീസ് ചീഫ്, R.O, A.R.O,സെക്ടറൽ ഓഫീസർ, മാസ്റ്റർ ട്രെയിനർ...............) ഫോൺ നമ്പർ ശേഖരിക്കുക.

## മോക്ക് പോൾ;

വോട്ടിംഗ് മെഷീൻ കുറ്റമറ്റതാണെന്നും അത് തെരഞ്ഞെടുപ്പിന് സജ്ജമാണെന്നും അറിയിക്കുവാനാണ് മോക്ക് പോൾ നടത്തന്നത്.

രാഷ്ട്രീയ പാർട്ടികളുടെ ഏജന്റുമാരുടെ സാന്നിദ്ധ്യത്തിൽ വേണം മോക്ക് പോൾ നടത്താൻ.

☆ മോക്ക് പോളിനായി ആദ്യം CLEAR ബട്ടൺ അമർത്തുക
☆ വോട്ടിംഗ് മെഷീനിൽ വോട്ടുകൾ ZERO എന്ന് ബോധ്യപ്പെടുത്തുക.
☆ ഏജന്റ്മാരെക്കൊണ്ട് കുറച്ച് വോട്ടുകൾ ചെയ്യിക്കുക.
☆ CLOSE ബട്ടൺ അമർത്തിയതിന് ശേഷം RESULT ബട്ടൺ അമർത്തി ഓരോ സ്ഥാനാർത്ഥിക്കും ലഭിച്ച വോട്ടുകൾ ബോധ്യപ്പെടുത്തുക.

## ചലഞ്ച്ഡ് വോട്ട്;

ഒരു സമ്മതിദായകന്റെ നിജസ്ഥിതിയെ പറ്റി ഒരു സ്ഥാനാർത്ഥിയോ, ഏജന്റോ തർക്കമുന്നയിച്ചാൽ, തർക്കം ഉന്നയിച്ച ആളിൽ നിന്നും നിഞ്ചിത തുക ഫീസായി കൈപ്പറ്റി രസീത് നൽകണം.

വോട്ട് ചെയ്യാൻ എത്തിയ വ്യക്തി മതിയായ തെളിവുകൾ ഹാജരാക്കുന്ന പക്ഷം അദ്ദേഹത്തെക്കൊണ്ട് വോട്ട് ചെയ്യിക്കാവുന്നതാണ്.

## ടെന്റേർഡ് വോട്ട്;

ഒരാൾ വോട്ട് ചെയ്ത് കഴിഞ്ഞതിന് ശേഷം താനാണ് യഥാർത്ഥ വോട്ടർ എന്ന് അവകാശമുന്നയിച്ച്കൊണ്ട് മറ്റൊരു സമ്മതിദായകൻ എത്തുന്ന സാഹചര്യത്തിലാണ് ടെന്റേർഡ് വോട്ട് ആവശ്യമായി വരുന്നത്.

ഈ അവസരത്തിൽ സമ്മതിദായകൻ ആവശ്യമായ തെളിവുകൾ ഹാജരാക്കിയാൽ, ആ വ്യക്തിക്ക് ഒരു ടെന്റേർഡ് ബാലറ്റ് പേപ്പർ നൽകുകയും, അതിൽ വോട്ട് ചെയ്യിച്ച് പ്രത്യേക കവറിലാക്കി സൂക്ഷിക്കുകയും വേണം.

**ജീവനക്കാരുടെ ചുമതലകൾ**

(A) പ്രിസൈഡിംഗ് ഓഫീസർ:-

തെരഞ്ഞെടുപ്പിന്റെ തലേദിവസം മുതൽ തെരഞ്ഞെടുപ്പ് കഴിയുന്നതു വരെയുള്ള എല്ലാ ജോലികളുടെയും മേൽനോട്ടം വഹിക്കൽ

(B) ഒന്നാം പോളിംഗ് ഓഫീസർ:-

മാർക്ക്ഡ് കോപ്പിയിൽ സമ്മതിദായകന്റെ പേരിനടിയിൽ വരക്കുക.

സമ്മതിദായകനെ തിരിച്ചറിഞ്ഞ് പേര് ഉറക്കെ വായിക്കുക.

സ്ത്രീയാണെങ്കിൽ (✓) മാർക്ക് നൽകുക.

(C) രണ്ടാം പോളിംഗ് ഓഫീസർ:-

17 A യിൽ ക്രമനമ്പർ എഴുതുക.

തിരിച്ചറിയൽ കാർഡിന്റെ നമ്പർ എഴുതുക.

സമ്മതിദായകനെ കൊണ്ട് ഒപ്പിടുവിക്കുക.

വോട്ടർ സ്ലിപ്പ് തയ്യാറാക്കുക.

മഷി പുരട്ടുക.

(D) മൂന്നാം പോളിംഗ് ഓഫീസർ:-

സമ്മതിദായകന്റെ കൈയ്യിൽ നിന്നും സ്ലിപ്പ് വാങ്ങുക.

സമ്മതിദായകനെ വോട്ടിംഗ് കമ്പാർട്ട്മെന്റിലേക്ക് പറഞ്ഞ് വിടുക.

കൺട്രോൾ യൂണിറ്റിലെ ബാലറ്റ് ബട്ടൺ അമർത്തുക.

സമ്മതിദായകൻ വോട്ട് ചെയ്തെന്ന് ഉറപ്പാക്കുക.

☆☆☆ (തെരഞ്ഞെടുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനായി പോളിംഗ് ഓഫീസർമാരുടെ ചുമതലകൾ പ്രിസൈഡിംഗ് ഓഫീസർമാർക്ക് ക്രമീകരിക്കാവുന്നതാണ്.)

**തെരഞ്ഞെടുപ്പ് സാധനങ്ങൾ തിരികെ നൽകൽ;**

1. സീൽ ചെയ്ത വോട്ടിംഗ് മെഷീൻ
2. പേപ്പർ സീൽ അക്കൗണ്ട് അടക്കം ചെയ്ത കവർ
3. അക്കൗണ്ട്സ് ഓഫ് വോട്ട്സ് റിക്കോർഡ് (17 C)
4. പ്രസൈഡിംഗ് ഓപീസറുടെ പ്രഖ്യാപനങ്ങൾ അടങ്ങുന്ന കവർ
5. പ്രിസൈഡിംഗ് ഓഫീസറുടെ ഡയറി
6. അക്വിറ്റൻസ് റോൾ അടങ്ങുന്ന കവർ
7. പ്രിസൈഡിംഗ് ഓഫീസറുടെ അധീഷണൽ റിപ്പോർട്ട് (16 Points Observers Report)
8. വിസിറ്റ് ഷീറ്റ് (ഇത്രയും സാധനങ്ങൾ പ്രത്യേകം നൽകണം)

**തിരികെ നൽകേണ്ട നാല് ഇനം പായ്ക്കറ്റുകൾ;**

**ഒന്നാമത്തെ പായ്ക്കറ്റ്**

(ഈ പായ്ക്കറ്റിലെ 5 കവറുകളും അരക്ക് ഉപയോഗിച്ച് സീൽ ചെയ്യുകയും കവറിന് പുറത്ത് STATUTORY COVER എന്ന് എഴുതുകയും ചെയ്യുക)

1. മാർക്ക്ഡ് കോപ്പി
2. വോട്ട് രജിസ്റ്റർ
3. വോട്ടേഴ്സ് സ്ലിപ്പ്
4. ഉപയോഗിച്ച ടെൻഡേർഡ് ബാലറ്റ്പേപ്പറും 17 B ലിസ്റ്റും
5. ഉപയോഗിക്കാത്ത ടെൻഡേർഡ് ബാലറ്റ് പേപ്പർ

**രണ്ടാമത്തെ പായ്ക്കറ്റ്**

(ഈ പായ്ക്കറ്റിലെ 11 കവറുകളുടെയും പുറത്ത് NON STATUTORY COVER എന്നെഴുതണം. കൂടാതെ 4-ാം നമ്പർ കവർ സീൽ ചെയ്തിരിക്കണം)

1. വോട്ടർ പട്ടികയുടെ മാർക്ക് ചെയ്യാത്ത കോപ്പികൾ
2. പോളിംഗ് ഏജന്റുമാരുടെ നിയമന ഉത്തരവ് (FORM NO: 10)
3. ഇലക്ഷൻ ഡ്യൂട്ടി സർട്ടിഫിക്കറ്റ് (EDC-FORM NO: 12 B)
4. ചലഞ്ച്ഡ് വോട്ടുകളുടെ ലിസ്റ്റ്
5. അന്ധരായ സമ്മതിദായകരുടെ ലിസ്റ്റ്
6. ചലഞ്ച്ഡ് വോട്ടുമായി ബന്ധപ്പെട്ട് ശേഖരിച്ച പണവും, രസീത് ബുക്കും
7. ഉപയോഗിക്കാത്തതും, കേടുപാടു വന്നതുമായ പേപ്പർ സീലുകൾ
8. വയസ് സംബന്ധിച്ച പ്രഖ്യാപനം അടങ്ങിയ കവർ
9. ഉപയോഗിക്കാത്ത വോട്ടേഴ്സ് സ്ലിപ്പ്
10. ഉപയോഗിക്കാത്തതും കേട്പാടുകൾ വന്നതുമായ സ്പെഷ്യൽ ടാഗ്
11. ഉപയോഗിക്കാത്തതും കേടുപാട് വന്നതുമായ സ്ട്രിപ്പ് സീലുകൾ

**മൂന്നാമത്തെ പായ്ക്കറ്റ്**

(ഈ പായ്ക്കറ്റിൽ 8 ഇനങ്ങൾ ഉണ്ടാകും)

1. പ്രിസൈഡിംഗ് ആഫീസറുടെ HAND BOOK
2. ഇൻഡെലിബിൽ ഇങ്ക് സെറ്റ്
3. STAMP PAD
4. പ്രിസൈഡിംഗ് ആഫീസറുടെ മെറ്റൽ സീൽ
5. പോളിംഗ് സ്റ്റേഷൻ തിരിച്ചറിയാനുള്ള റബ്ബർ മുദ്ര
6. ആരോക്രോസ് മാർക്ക് റബ്ബർ മുദ്ര
7. മഷി വെക്കുവാനുള്ള കപ്പ്
8. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ മാന്വൽ

**നാലാമത്തെ പായ്ക്കറ്റ്**

(ഉപയോഗിച്ചതും അല്ലാത്തതുമായ തെരഞ്ഞെടുപ്പ് സാമഗ്രികളാണ് ഈ പായ്ക്കറ്റിലുള്ളത്)

1. വോട്ടിംഗ് കമ്പാർട്ട്മെന്റ്
2. ബക്കറ്റ് / കുട്ട
3. മെഴുക് തിരി
4. തീപ്പെട്ടി
5. മറ്റിനങ്ങൾ

## ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീൻ (EVM)

1. EVM ന് കൺട്രോൾ യൂണിറ്റെന്നും, ബാലറ്റ് യൂണിറ്റെന്നും രണ്ട് ഭാഗങ്ങളുണ്ട്.

2. കൺട്രോൾ യൂണിറ്റിലെ ഇന്നർ കമ്പാർട്ട്മെന്റിൽ സ്പെഷ്യൽ ടാഗ് വെച്ച് സീൽ ചെയ്യണം

3. കൺട്രോൾ യൂണിറ്റ് പേപ്പർ സീൽ ഉപയോഗിച്ച് സീൽ ചെയ്യണം.

   ഇതിന്റെ വെള്ള ഭാഗം പുറത്ത് പ്രകടമാകണം.

   ഇതിന്റെ സീരിയൽ നമ്പറിന് താഴെ പ്രിസൈഡിംഗ് ഓഫീസറും, ഹാജരുള്ള ഏജന്റുമാരും ഒപ്പിടണം.

4. കൺട്രോൾ യൂണിറ്റ് A B C D സ്ട്രിപ്പ് സീൽ കൊണ്ട് സീൽ ചെയ്യണം.

5. സ്ട്രിപ്പ് സീലിന്റെ A ഭാഗം കൺട്രോൾ യൂണിറ്റിന്റെ ചുവട്ടിൽ വെച്ച് പേപ്പർ സീലിന്റെ താഴത്തെ അറ്റം അതിൽ പേസ്റ്റ് ചെയ്യുക.

6. സ്ട്രിപ്പ് സീൽ മടക്കുമ്പോൾ ലഭ്യമാകുന്ന B ഭാഗത്ത് പേപ്പർ സീലിന്റെ അടുത്ത വശം ഒട്ടിക്കുക.

7. സ്ട്രിപ്പ് സീലിന്റെ C ഭാഗം ഉപയോഗിച്ച് മെഷീനെ ചുറ്റുകയും D ഭാഗം ഉപയോഗിച്ച് ഒട്ടിക്കുകയും ചെയ്യുക.

8. കൺട്രോൾ യൂണിറ്റിലെ CLEAR ബട്ടണും RESULT ബട്ടണും ക്യാപ്പുകൾ ഉപയോഗിച്ച് അടക്കണം.

9. ബാലറ്റ് യൂണിറ്റിനെ കൺട്രോൾ യൂണിറ്റുമായി ബന്ധിപ്പിക്കുക.

10. സ്പെഷ്യൽ ടാഗ്, പേപ്പർ സീൽ, സ്ട്രിപ്പ് സീൽ, അഡ്രസ് ടാഗ്, കൺട്രോൾ യൂണിറ്റ്,ബാലറ്റ് യൂണിറ്റ് എന്നിവയുടെ സീരിയൽ നമ്പർ കുറിച്ചെടുക്കുക.